## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.2297

18/03/2015 ൽ
മറുപടിയ്ക്ക്

### കശുവണ്ടിയുടെ അനധികൃത കടിവറുപ്പ്

| ചോദ്യം<br>ശ്രീ.പി.കെ ഗുരുദാസൻ | ഉത്തരം<br>ശ്രീ.പി.കെ.കുഞ്ഞാലിക്കുട്ടി<br>(ബഹു.വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
|---|---|
| (എ) കശുവണ്ടിയുടെ അനധികൃത കടിവറുപ്പ് നടത്തുന്നത് തടയുന്നതിന് വേണ്ടി സ്വീകരിച്ച നടപടി വിശദമാക്കുമോ ; | (എ) കടിവറുപ്പ് സമ്പ്രദായം ചെറുക്കുന്നതിലേയ്ക്കായി കാഷ്യു സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ അനധികൃത സംസ്കരണ കേന്ദ്രങ്ങൾ കണ്ടെത്തുകയും അവ നിർത്തി വയ്ക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുകയും സാധ്യമായ കേന്ദ്രങ്ങളിൽ നിയമ പ്രകാരം റെയ്ഡ്, സീഷർ എന്നിവ നടത്തി കോടതികളിൽ കേസ് ചാർജ്ജ് ചെയ്യുന്നുണ്ട്. 1967 ലെ അൺരജിസ്റ്റേർഡ് കാഷ്യുനട്ട് ഫാക്ടറീസ് (പ്രൊഹിബിഷൻ ) അമൻമെന്റ് ആക്ട് അനുസരിച്ച് നിരവധി റെയ്ഡുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഏഴ് മേജർ കേസുകൾ കടിവറുപ്പ് നടത്തിയവർക്കെതിരെ കൊല്ലം ജില്ലയിലെ വിവിധ കോടതികളിൽ ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (ബി) അനധികൃത കടിവറുപ്പ് നടത്തുന്ന എത്ര സ്ഥാപനങ്ങൾ ഉണ്ടെന്ന് പരിശോധിച്ച് കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദമാക്കാമോ ; | (ബി) കൊല്ലം ജില്ലയിലും എറണാകുളം ജില്ലയുടെ ചില ഭാഗങ്ങളിലും അനധികൃത കശുവണ്ടി സംസ്കരണം വ്യാപകമായി കാണുന്നുണ്ട്. ഉദ്ദേശം 200 ഓളം യൂണിറ്റുകൾ ഇത്തരത്തിൽ പ്രവർത്തിക്കുന്നുണ്ട്. |

| | | |
|---|---|---|
| (സി) | പ്രസ്തുത മാനേജ്മെന്റുകൾക്കെതിരെ കശുവണ്ടി അൺരജിസ്റ്റേർഡ് കാഷ്യൂനട്ട് ഫാക്ടറീസ് പ്രൊഹിബിഷൻ (അമന്റ്മെന്റ്) ആക്ട് അനുസരിച്ച് സ്വീകരിച്ച നടപടി വിശദമാക്കാമോ ? | (സി) 1967 ലെ അൺരജിസ്റ്റേർഡ് കാഷ്യൂനട്ട് ഫാക്ടറീസ് (പ്രൊഹിബിഷൻ) അമൻമെന്റ് ആക്ട് അനുസരിച്ച് അനധികൃത കശുവണ്ടി സംസ്കരണ കേന്ദ്രങ്ങൾക്കെതിരെ നിരവധി റെയ്ഡുകൾ നടത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ ഏഴ് മേജർ കേസുകൾ ടി മാനേജ്മെന്റുകൾക്കെതിരെ കോടതിയിൽ ഫയൽ ചെയ്യുകയും അതിൽ ഒരു കേസ് 29/08/2013 ൽ കുറ്റക്കാരനെതിരെ 6 മാസം തടവും 25,000/- രൂപ പിഴയും ഒടുക്കി വിധി വരുകയും മറ്റു കേസുകൾ വിചാരണയുടെ ഘട്ടത്തിലുമാണ്. |

Piyu

സെക്ഷൻ ഓഫീസർ